# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 990 11.03.2015-ൽ മറുപടിയ്ക്ക്

## കുറുവങ്ങാട് ഐ.ടി.ഐ.യിൽ പുതിയ കെട്ടിടം

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ.കെ.ദാസൻ | | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും, വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കൊയിലാണ്ടിയിലെ കുറുവങ്ങാട് ഐ.ടി.ഐ.യിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എ.എസ്.ലഭിച്ച പദ്ധതി സംബന്ധിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കുറുവങ്ങാട് ഐ.ടി.ഐ.യിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 18.02.2014-ലെ ഡയറക്ടറുടെ നടപടി ഉത്തരവ് പ്രകാരം കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് കെട്ടിട നിർമ്മാണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത് എന്നും കെട്ടിട നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനായി കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ തലത്തിൽ നടന്നുവരുന്ന നടപടികൾ സംബന്ധിച്ചും വിശദമാക്കാമോ; | (ബി) | 155/- ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. 18.02.2014-ൽ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് തുക അനുവദിച്ച് നൽകിയിരുന്നുവെങ്കിലും 2012-ലെ എസ്.ഒ.ആർ പ്രകാരമുള്ള എസ്റ്റിമേറ്റ് തുക ആയതിനാലും DSR 2013-ൽ നിലവിൽ വരുകയും ചെയ്തതിനാലും 2013 എസ്.ഒ.ആർ പ്രകാരം 1,65,25,000/- രൂപയായി വർദ്ധിച്ചതായി അറിയിച്ചും കൂട്ടുതലായി 10.25 ലക്ഷം തുക കൂടി ആവശ്യപ്പെട്ടുള്ളതിനാലും 2014 എസ്.ഒ.ആർ പ്രകാരം 193 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്തിട്ടുള്ളതിനാലും ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടില്ല. |
| (സി) | പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കൺസ്ട്രക്ഷൻ കോർപ്പറേഷൻ എം.ഡി. എസ്.സി.ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ് ഡയറക്ടർക്ക് നൽകിയ 29.08.2014-ലെ അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ? | (സി) | DSR 2013 അനുസരിച്ചുള്ള വിശദമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനമില്ലാതെ തുക ആവശ്യപ്പെട്ട് അപേക്ഷിച്ചതിനാലും 01.04.2014 മുതൽ പ്രാബല്യമുള്ള 2014-ലെ ഏറ്റവും പുതിയ SOR നിലവിൽ വന്നിരുന്നതിനാലും പ്രസ്തുത അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുന്നതിന് നിർവ്വാഹമില്ലാതെവരുകയും ചെയ്തു. തുടർന്ന് 2014 CPWD റേറ്റ് പ്രകാരം കൺസ്ട്രക്ഷൻ കോർപ്പറേഷൻ തയ്യാറാക്കിയ 193 ലക്ഷം രൂപയുടെ പുതിയ എസ്റ്റിമേറ്റ് സഹിതമുള്ള 18.12.2014-ലെ CC/GM/EKM/312/010/2502 |

| | | | |
|---|---|---|---|
| | | | നമ്പർ ശുപാർശ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനിൽ നിന്നും ലഭിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ആദ്യം അനുവദിച്ച 155/- ലക്ഷം രൂപയുടെ എ.എസ്-ന് പുറമേ അധികമായി വേണ്ടി വരുന്ന 38 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ